ഇതിനുപുറമെ NDPREM പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ച തിരികെയെത്തിയ 19690 പ്രവാസികളുടെ അപേക്ഷകളിൽ സ്ക്രീനിംഗ് നടത്തുകയും സ്ക്രീനിംഗിന് ഹാജരായ 7218 പേരിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 6766 പേരുടെ അപേക്ഷകൾ കഴിഞ്ഞ സാമ്പത്തിക വർഷം ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. നോർക്ക റൂട്ട്സുമായി ധാരണാപത്രം ഒപ്പ് വച്ച ബാങ്കുകളുടെ വിവിധ ശാഖകളിൽ നിന്നായി ആയിരത്തിലധികം പേർക്ക് ഇതിനകം ബാങ്കുകൾ വായ്പ അനുവദിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിൽ സർക്കാർ ഇതിനകം 7 കോടിയിലധികം രൂപ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിക്കഴിഞ്ഞു. ഈ സാമ്പത്തിക വർഷം ബാങ്കുകളുമായി ധാരണാപത്രം ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് മറ്റുള്ള അപേക്ഷകർക്കും വായ്പ ലഭ്യമാക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. ഇറാഖ്, ലിബിയ, യെമൻ തുടങ്ങിയ കലാപബാധിത രാജ്യങ്ങളിൽനിന്നും പ്രവാസി കേരളീയരെ ഒഴിപ്പിക്കേണ്ടതായ സാഹചര്യം ഉണ്ടായിട്ടുണ്ട്.

നേഴ്സുമാരുടെ റിക്രൂട്ട്മെന്റ്

94 (1462) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിൽ നേഴ്സുമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്തൊക്കെ നടപടിക്രമങ്ങളാണ് നിലവിലുള്ളത് ;

(ബി) നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് ഇപ്പോൾ ഏതൊക്കെ സ്ഥാപനങ്ങൾവഴിയാണ് നടത്തുവാൻ സാധിക്കുക ;

(സി) ഇപ്പോഴത്തെ നടപടി കാരണം വിദേശ രാജ്യങ്ങളിൽ ജോലിതേടി പോവുന്ന നേഴ്സുമാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ ?

ഉത്തരം

(എ&ബി) വിദേശ രാജ്യങ്ങളിലേയ്ക്ക് തൊഴിൽതേടി പോകുന്ന ഇന്ത്യൻ നേഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശരാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുക എന്ന ലക്ഷ്യത്തോടെയും 18 ഇ.സി.ആർ. രാജ്യങ്ങളി

LIBRARY ARCHIVES Kerala Legislative Assembly

ലേയുള്ള ഇന്ത്യൻ നേഴ്സുമാരുടെ നിയമനം 31-5-2015 മുതൽ കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC), തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd), ചെന്നൈ എന്നിവർ മുഖാന്തരം മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ച് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി വിദേശ രാജ്യത്തെ തൊഴിലുടമ സർക്കാരിന്റെ 'ഇമൈഗ്രേറ്റ് (emigrate)' സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതിനനുസരിച്ച് നിയമനം നടത്തുകയും ചെയ്യാം.

(സി) വിദേശ തൊഴിൽ നിയമനത്തിന് എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് വിദേശ ജോലിക്കുള്ള നിയമന നടപടിക്രമങ്ങൾ പൂർത്തിയായവർക്ക് വിദേശത്ത് പോകുന്നതിന് തടസ്സം നേരിടുന്നു എന്ന് മനസ്സിലാക്കി 2015 മേയ് 30 വരെ ഇളവ് നൽകിയിരുന്നു. കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഇമൈഗ്രേറ്റ് സംവിധാനത്തിലൂടെ നിയമന നടപടിക്രമങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ വിദേശ രാജ്യങ്ങളിലെ തൊഴിൽദായകരുടെ ഇടയിൽ വേണ്ടത്ര അവബോധം ഉണ്ടായിട്ടില്ല എന്നതും ഇമൈഗ്രേറ്റ് സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടില്ല എന്നതും കണക്കിലെടുത്ത് 30-5-2015-ന് മുൻപ് വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ നിയമന നടപടിക്രമങ്ങൾ പാലിച്ച് 30-5-2015-ന് മുൻപോ ശേഷമോ വിസ ലഭിച്ചവർക്ക് വ്യവസ്ഥകളിൽ ഇളവ് നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രവാസികളുടെ എണ്ണവും ക്ഷേമ പദ്ധതികളും

95 (1463) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ രാജ്യങ്ങളിലായി എത്ര പ്രവാസി മലയാളികളാണ് ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ എത്ര മലയാളികൾ ജയിലിൽ കഴിയുന്നുണ്ടെന്ന് രാജ്യം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly